# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കരിങ്കുന്നം ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ഇടുക്കി-685584

ഇ-മെയിൽ: doidk.ksad@kerala.gov.in

ഫോൺ : 04862-227332

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.ഐ.ഡി.കെ.പി.2-187/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ഇടുക്കി-685584
തീയ്യതി: 02/03/2023
ഇ-മെയിൽ: doidk.ksad@kerala.gov.in
ഫോൺ: 04862-227332

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കരിങ്കുന്നം ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കരിങ്കുന്നം ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കരിങ്കുന്നം ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ഇടുക്കി.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.ഐ.ഡി.കെ.പി.2-187/2023 തീയ്യതി: 02/03/2023

## ഇടുക്കി ജില്ലയിലെ കരിങ്കുന്നം ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ഇടുക്കി ജില്ലയിലെ കരിങ്കുന്നം ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 21-02-2022 മുതൽ 17-12-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 16 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 9 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.അനിൽ മാത്യു ഐപ്പ് | ഡെപ്യൂട്ടി ഡയറക്ടർ | 19-12-2022 | 24-12-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 19-12-2022 | 24-12-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി. സൂസനിയാമ്മ തോമസ്, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ.)
ശ്രീ. സണ്ണി. എം.യു., ഓഡിറ്റ് ഓഫീസർ
ശ്രീ. ജിബി ഇ.വി., അസി. ഓഡിറ്റ് ഓഫീസർ
ശ്രീമതി. അനിറ്റ പി. സാമുവൽ, അസി. ഓഡിറ്റ് ഓഫീസർ
ശ്രീമതി. മായ കൃഷ്ണൻ, ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. ജോയി തോമസ് | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ശ്രീമതി. ലീനാകുമാരി കെ.ജി | സെക്രട്ടറി | 01-04-2021 | 02-07-2021 |
| ശ്രീമതി. ഷാജ ജോസഫ് | സെക്രട്ടറി | 03-07-2021 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. സൂരജ് വി.എസ്. | അസി.എഞ്ചിനീയർ | 01-04-2021 | 31-03-2022 |
| ഡോ. ജെറി സെബാസ്റ്റ്യൻ | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | 01-04-2021 | 27-06-2021 |
| ഡോ. റീം മാത്യൂ | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | 28-06-2021 | 03-12-2021 |
| ഡോ. ജെറി സെബാസ്റ്റ്യൻ | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | 04-12-2021 | 31-03-2022 |
| ഡോ. ജ്യോതി ലക്ഷ്മി എൽ. | മെഡിക്കൽ ഓഫീസർ (ആയൂർവ്വേദം) | 01-04-2021 | 31-03-2022 |
| ഡോ. അനു വിജയൻ | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2021 | 31-10-2021 |
| ഡോ. സജിത ആർ. | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-11-2021 | 31-03-2022 |
| ഡോ. മായ ജേക്കബ് | വെറ്ററിനറി സർജൻ | 01-04-2021 | 31-03-2022 |
| ശ്രീ. ബോബൻ പോൾ | കൃഷി ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീ. പ്രസാദ് പി. നായർ | ഹെഡ്മാസ്റ്റർ | 01-04-2021 | 31-03-2022 |
| ശ്രീ. സുദർശൻ കെ. | വി.ഇ.ഒ | 01-04-2021 | 04-10-2021 |
| ശ്രീമതി. സബിത കെ.എം. | വി.ഇ.ഒ | 05-10-2021 | 31-03-2022 |
| ശ്രീമതി. എലിസബത്ത് ജോസഫ് | വി.ഇ.ഒ | 01-04-2021 | 31-03-2022 |
| ശ്രീമതി. മരിയ ജോർജ് | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2021 | 08-11-2021 |
| ശ്രീമതി. ഷിഫ. എസ്. സെയ്ഫ് | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 09-11-2021 | 31-03-2022 |

ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | ഗ്രാന്റ് വിനിയോഗം | 1-3 |
| 4 | സ്രോതസ്സിൽ നിന്നും കിഴിവ് ചെയ്ത തുകകൾ | 1-3-1 |
| 5 | റോഡിതര മെയിന്റനൻസ് ഫണ്ട് ചെലവ് 77.59ശതമാനം | 1-3-2 |
| 6 | അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററുകൾ - പരിപാലിക്കുന്നില്ല | 1-3-3 |
| 7 | പദ്ധതി അവലോകനം | 1-4 |
| 8 | തൊഴിലുറപ്പ് പദ്ധതി | 1-5 |
| 9 | ക്ഷേമ പദ്ധതികൾ | 1-6 |
| 10 | ക്യാഷ് വെരിഫിക്കേഷൻ | 1-7 |
| 11 | ആഭ്യന്തര നിയന്ത്രണം | 1-8 |
| 12 | വാർഷിക കണക്കിലെ അപാകതകൾ | 1-9 |
| 13 | സ്റ്റെയിൽ ചെക്ക് തുക ബാധ്യതയിൽ നിന്നും ക്രമീകരിച്ചില്ല | 1-9-1 |
| 14 | തനത് ഫണ്ടിന് ഒന്നിലധികം അക്കൗണ്ടുകൾ നിലനിർത്തിയിരിക്കുന്നു | 1-10 |
| 15 | കെട്ടിടങ്ങൾ തെറ്റായ ഗണത്തിൽ ഉൾപ്പെടുത്തിയതിനാൽ വസ്തു നികുതിയിൽ നഷ്ടം | 1-11 |
| 16 | തടിലേലം നടത്തിയില്ല | 1-12 |
| 17 | വിവിധ വാർഡുകളിൽ പൈപ്പ് ലൈൻ എക്സ്റ്റെൻഷൻ- പദ്ധതി നടത്തിപ്പിലെ അപാകതകൾ | 1-13 |
| 18 | ഭവന നിർമ്മാണം സമയബന്ധിതമായി പൂർത്തീകരിച്ചിട്ടില്ല. | 1-14 |
| 19 | വലിയനിലംപാടം പുളിഞ്ചുവട് റോഡ് റീടാറിംഗ് & സൈഡ് കെട്ട്- പൊളിച്ചെടുത്ത കരിങ്കല്ല് മൂല്യ നിർണ്ണയം നടത്തി ലേലം ചെയ്തു നൽകിയിട്ടില്ല | 1-15 |
| 20 | എസ്.എസ്.എ വിഹിതം -വിശദമായ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല | 1-16 |
| 21 | മൃഗാശുപത്രിയിലേക്ക് കമ്പ്യൂട്ടർ വാങ്ങൽ-ലാപ് ടോപ്പ് ലഭ്യമായിട്ടില്ല | 1-17 |
| 22 | പാലിന് സബ്സിഡി -ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെടാത്തവർക്ക് ആനുകൂല്യം | 1-18 |
| 23 | മരിച്ചു പോയ ഗുണഭോക്താക്കൾക്ക് പെൻഷൻ ആനുകൂല്യം നൽകി | 1-19 |
| 24 | അഗതിരഹിത കേരളം പദ്ധതി | 1-20 |
| ഭാഗം 2 | | |
| --- No Records Found --- | | |
| ഭാഗം 3 | | |
| --- No Records Found --- | | |

| ഭാഗം **4** | | |
|---|---|---|
| 1 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ടുകളുടെ വിവരം | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് | 4-3 |
| 4 | നിക്ഷേപ പ്രവൃത്തികളുടെ വിവരം | 4-4 |
| 5 | വായ്പ /വായ്പാതിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | ചാർജ്ജ് നടപടി | 4-8 |
| 9 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

## ഭാഗം -1
## പൊതു അവലോകനം

### 1-1 ബജറ്റ്

2021-22 വർഷത്തെ ബജറ്റ് 18.02.2021 ലെ 1(1) നമ്പർ തീരുമാനപ്രകാരം ഭരണ സമിതി അംഗീകരിച്ചിട്ടുണ്ട്. ബജറ്റ് വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| ബജറ്റ് അംഗീകരിച്ച ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി തീരുമാനം | 01/10-2-2021 |
| ബജറ്റ് അവതരിപ്പിച്ച തീയതി | 17-2-2021 |
| ബജറ്റ് അംഗീകരിച്ച ഭരണസമിതി തീരുമാനം/ തീയതി | 01/18-2-2021 |

| ഇനം | ബജറ്റ് പ്രകാരം |
|---|---|
| മുന്നിരിപ്പ് | 8014873.41 |
| വരവ് | 79980000 |
| ആകെ | 87994873.41 |
| ചെലവ് | 80877000 |
| നീക്കിയിരിപ്പ് | 17117873.41 |

### 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2022 | 05.05.2022 | | |

### 1-3 ഗ്രാന്റ് വിനിയോഗം

| ഗ്രാന്റ് | മുന്നിരിപ്പ് (₹) | അലോട്ട്മെന്റ്/ വരവ് (₹) | ആകെ (₹) | ചെലവ് (₹) | നീക്കിയിരിപ്പ് (₹) |
|---|---|---|---|---|---|
| വികസന ഫണ്ട്-പൊതുവിഭാഗം | 0 | 8148766 | 8148766 | 6812228 | |
| വികസന ഫണ്ട്-എസ്.സി.പി | 0 | 2682900 | 2682900 | 2450000 | |
| വികസന ഫണ്ട്-ടി.എസ്.പി | 0 | 183200 | 183200 | 160000 | |
| 15-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ടൈഡ്) | 0 | 3575092 | 3575092 | 2593795 | 981297 |
| 15-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് (അൺടൈഡ്) | 0 | 1877461 | 1877461 | 1747629 | 129832 |
| സംരക്ഷണ ഗ്രാന്റ്-റോഡ് | 0 | 10425000 | 10425000 | 9818689 | |
| സംരക്ഷണ ഗ്രാന്റ്-റോഡിതരം | 0 | 5097683 | 5097683 | 3955683 | |
| ഐ.സി.ഡി.എസ് | 367739 | 487486 | 855225 | 190166 | 665059 |
| ആർ.ജി.പി .എസ്.എ ഗ്രാന്റ് | 76981 | 0 | 76981 | 0 | 76981 |
| ലൈഫ് മിഷൻ | 60084 | 300000 | 360084 | 207800 | 152284 |
| സാക്ഷരത | 14407 | 0 | 14407 | 0 | 14407 |
| എസ്.എസ്.എ | 21088 | 575 | 21663 | 0 | 21663 |
| ശുചിത്വ മിഷൻ | 1855715 | 130000 | 1985715 | 270000 | 1715715 |
| ടോട്ടൽ സാനിറ്റേഷൻ | 1395612 | 0 | 1395612 | 0 | 1395612 |

| | | | | | |
|---|---|---|---|---|---|
| വിമുക്തി | 522601 | 0 | 522601 | 0 | 522601 |
| സമ്പൂർണ്ണ ശുചിത്വം | 26170 | 0 | 26170 | 0 | 26170 |
| പകർച്ച വ്യാധി ഗ്രാന്റ് | 418040 | 0 | 418040 | 7100 | 410940 |
| എസ്.സി ഫണ്ട് | 277000 | 0 | 277000 | 0 | 277000 |

1-3-1 സ്രോതസ്സിൽ നിന്നും കിഴിവ് ചെയ്ത തുകകൾ

സ്രോതസ്സിൽ നിന്നും കിഴിവ് ചെയ്ത താഴെ പറയുന്ന തുകകൾ ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ ഉൾപ്പെടുത്തിയിട്ടില്ല.

| വിഭാഗം | തുക (₹) |
|---|---|
| ജനറൽ | 1169934 |
| എസ്.സി.പി. | 88000 |
| റ്റി.എസ്.പി | 14666 |

1-3-2 റോഡിതര മെയിന്റനൻസ് ഫണ്ട് ചെലവ് 77.59ശതമാനം

റോഡിതര സംരക്ഷണ ഫണ്ടിൽ നിന്നും ഇലക്ട്രോണിക് വോട്ടിംഗ് മെഷീൻ വാങ്ങുന്നതിന് കുറവു ചെയ്ത ₹35319/- ഉൾപ്പടെ റോഡിതര മെയിന്റനൻസ് ഫണ്ട് വിഹിതമായ ₹5097683/- ൽ 2021-22 സാമ്പത്തിക വർഷം ₹3955683/- ചെലവഴിച്ചിട്ടുണ്ട്. 15.07.2021-ലെ സ.ഉ(കൈ)നം.79/2021/ധന പ്രകാരം 2020-21 സാമ്പത്തിക വർഷം അനുവദിച്ച വികസന ഫണ്ട് പൂർണ്ണമായി ചെലവഴിക്കാത്ത പക്ഷം അനുവദിച്ച തുകയുടെ പരമാവധി 20 ശതമാനം വരെ മാത്രമെ അടുത്ത സാമ്പത്തിക വർഷം ക്യാരി ഓവർ ചെയ്യുവാൻ അനുമതിയുള്ളൂ. അതിനാൽ, ചുവടെ കൊടുത്തിരിക്കുന്ന പ്രകാരം ₹122463/- ലാപ്സായി.

| അലോട്ട്മെന്റ് | ചെലവ് | നീക്കിയിരിപ്പ് | ചെലവ് ശതമാനം | 2022-23 ൽ അനുവദിക്കുന്ന ക്യാരി ഓവർ തുക | ലാപ്സായ തുക |
|---|---|---|---|---|---|
| 5097683 | 3955683 | 1142000 | 77.59 | 1019537 | 122463 |

1-3-3 അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററുകൾ - പരിപാലിക്കുന്നില്ല

കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, വിവിധ ഏജൻസികൾ, മറ്റ് സ്ഥാപനങ്ങൾ, വകുപ്പുകൾ തുടങ്ങിയവ നൽകുന്ന പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ വരവ്, ചെലവ്, നീക്കിയിരിപ്പ്, മിച്ചം വന്ന തുകയുടെ തിരിച്ചടവ് തുടങ്ങിയ വിവരങ്ങൾ രേഖപ്പെടുത്തുന്ന അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററുകൾ പരിപാലിക്കുന്നില്ല. വിവിധ ഗ്രാന്റുകളുടെ വരവ്, ചെലവ്, നീക്കിയിരിപ്പ് വിശദാംശങ്ങൾ രേഖപ്പെടുത്താത്തതിനാൽ വാർഷിക കണക്കുകളിൽ കൊടുത്തിരിക്കുന്ന തുകകളുടെ കൃത്യത പരിശോധിക്കുന്നതിന് സാധിക്കുന്നില്ല.

1-4 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ ₹ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് ₹ | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 123 | 61247632 | 107 | 32499286 | 0 | 16 | 86.99 |

നിർവ്വഹണ ഉദ്യോഗസ്ഥരുടെ പദ്ധതികളുടെ ചെലവ് വിശദാംശം ചുവടെ ചേർക്കുന്നു

| നിർവ്വഹണ ഉദ്യോഗസ്ഥൻ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയവ എണ്ണം | ചെലവ് | ശതമാനം |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 1. സെക്രട്ടറി | 16 | 14 | 3681965 | 87.5 |
| 2. അസി.എൻജിനീയർ | 48 | 38 | 14485623 | 78.72 |
| 3. വെറ്ററിനറി സർജൻ | 6 | 6 | 2955129 | 100 |
| 4. കൃഷി ഓഫീസർ | 3 | 3 | 304210 | 100 |
| 5. ഐ.സി.ഡി.എസ് സൂപ്പർവൈസർ | 8 | 8 | 2718818 | 100 |
| 6. എം.ഒ പി.എച്ച് സി | 7 | 7 | 1164351 | 100 |
| 7. വി.ഇ.ഒ | 13 | 11 | 2996980 | 84.61 |
| 8. ഡയറി എക്സ്റ്റെൻഷൻ ഓഫീസർ | 1 | 1 | 228728 | 100 |
| 9. ഹെഡ് മാസ്റ്റർ | 3 | 3 | 213102 | 100 |
| 10. മെഡിക്കൽ ഓഫീസർ, ആയുർവേദം | 7 | 7 | 1365541 | 100 |
| 11. വി.ഇ.ഒ | 8 | 6 | 2114932 | 75 |
| 12.മെഡിക്കൽ ഓഫീസർ (ഹോമിയോ) | 3 | 3 | 269907 | 100 |

## 1-5 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് ₹ | വരവ് ₹ | ആകെ ₹ | ചെലവ് ₹ | നീക്കിയിരിപ്പ് ₹ |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 114462 | 589831 | 704293 | 701708 | 2585 |
| തൊഴിൽ കൂലി | 0 | 8621853 | 8621853 | 8621853 | 0 |

## 1-6 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമ പദ്ധതികളുടെ പേര് | ചെലവഴിച്ച തുക ₹ | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷക തൊഴിലാളി പെൻഷൻ | 2389400 | 143 |
| വിധവാപെൻഷൻ | 5866300 | 366 |
| വാർദ്ധക്യകാല പെൻഷൻ | 16767600 | 1064 |
| വികലാംഗ പെൻഷൻ | 2567200 | 164 |
| 50 വയസ്സിനു മേൽ പ്രായമുള്ള അവിവാഹിതകൾക്കുള്ള പെൻഷൻ | 394700 | 26 |
| തൊഴിൽ രഹിത വേതനം | 20640 | 6 |

## 1-7 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 22.12.2022 ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ₹21266/- ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-8 ആഭ്യന്തര നിയന്ത്രണം

ഓഫീസ് ഓർഡർ പ്രകാരം ജോലി വിഭജനം നടത്തുന്നുണ്ട്. സ്ഥലംമാറിപ്പോകുന്ന ഉദ്യോഗസ്ഥർ ഫയലുകളും രേഖകളും കൈമാറ്റം ചെയ്യുന്നില്ല. വസ്തു നികുതി പിരിവ് മോണിട്ടറിംഗ് നടത്തുന്നില്ല. പൊതുമരാമത്ത് പ്രവൃത്തികളുടെ കരാർ ഉടമ്പടി രജിസ്റ്റർ, ക്യാഷ്ബുക്ക്, ആസ്തിരജിസ്റ്റർ എന്നിവ കാലികമാക്കി

പരിപാലിക്കുന്നില്ല. ഫയലുകൾ കുറിപ്പ് സഹിതം സെക്ഷനുകളുടെ സീൽ പതിച്ച് ഒപ്പ് വെച്ച് പരിപാലിക്കുകയോ തൻപതിവേട് യഥാവിധി പരിപാലിക്കുകയോ ചെയ്യുന്നില്ല. വിവിധ സ്റ്റാൻഡിംഗ് കമ്മറ്റികൾ ചർച്ച ചെയ്യുന്ന വിഷയങ്ങൾ അജൻഡയിൽ ഉൾപ്പെടുത്തുന്നില്ല. പ്രോജക്ടുകൾ അവലോകനം നടത്തുന്നില്ല. തെരുവ് വിളക്കുകളുടെ സംയുക്ത പരിശോധന നടത്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. വാങ്ങിയ സാധന സാമഗ്രികൾ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തലുകൾ വരുത്തുന്നുണ്ടെങ്കിലും കൈപ്പറ്റുന്ന ആളുടെ വിവരം രേഖപ്പെടുത്തുകയോ സെക്രട്ടറി സാക്ഷ്യപ്പെടുത്തുകയോ ചെയ്യുന്നില്ല.

സ്റ്റാൻഡിംഗ് കമ്മിറ്റികൾ ചേരുമ്പോൾ എല്ലാ നിർവ്വഹണ ഉദ്യോഗസ്ഥരെയും പങ്കെടുപ്പിച്ച് പ്രോജക്ടുകളുടെ പുരോഗതി വിലയിരുത്തേണ്ടതാണ്. ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയിൽ വസ്തുനികുതി പിരിവ്, ഓഡിറ്റ് ഒബ്ജക്ഷൻ ഒഴിവാക്കുന്നതിന് സ്വീകരിക്കേണ്ട നടപടികൾ, ഫ്രണ്ട് ഓഫീസ് പ്രവർത്തനങ്ങൾ എന്നിവയെക്കുറിച്ച് ചർച്ച ചെയ്യുന്നില്ല. വാർഷിക പദ്ധതിയുടെ നിർവ്വഹണ ഘട്ടത്തിൽ കാര്യക്ഷമമായ മോണിട്ടറിംഗ് നടപ്പിലാക്കുന്നില്ല.

പഞ്ചായത്തിൽ 13 വിവിധ വർക്കിംഗ് ഗ്രൂപ്പുകൾക്ക് രൂപം നല്കിയിട്ടുണ്ടെങ്കിലും അവയൊന്നും തന്നെ ഫലപ്രദമായി പ്രവർത്തിക്കുന്നില്ല. ഓഡിറ്റ് വർഷത്തിൽ ഒരു യോഗം മാത്രമാണ് ചേർന്നിട്ടുള്ളത്. പ്രസ്തുത യോഗത്തിന്റെ ഹാജർ രേഖപ്പെടുത്തിയതല്ലാതെ മിനിട്സ് ബുക്കിൽ മറ്റ് രേഖപ്പെടുത്തലുകളില്ല. വർക്കിംഗ് ഗ്രൂപ്പുകളുടെ ഫലപ്രദവും കാര്യക്ഷമവുമായ പ്രവർത്തനം പദ്ധതി നിർവ്വഹണത്തിന് അത്യന്താപേക്ഷിതമായതിനാൽ ഭരണസമിതി ഇക്കാര്യത്തിൽ ശ്രദ്ധിക്കേണ്ടതാണ്.

സ്റ്റാന്റിംഗ് കമ്മിറ്റികളുടെ കീഴിലുള്ള വിവിധ മേഖലകളിലെ പദ്ധതി നിർവ്വഹണം മോണിറ്റർ ചെയ്യുന്നതിലും പദ്ധതി പുരോഗതി വിലയിരുത്തി അനുവദിച്ച പദ്ധതിപ്പണം, സമയബന്ധിതമായും കാര്യക്ഷമമായും വിനിയോഗിക്കപ്പെട്ടിട്ടുണ്ട് എന്ന് ഉറപ്പുവരുത്തുവാനും സ്റ്റാന്റിംഗ് കമ്മറ്റികൾക്ക് സാധിച്ചിട്ടില്ല.

പ്രതിമാസ വരവ്-ചെലവ് കണക്ക് അംഗീകരിക്കുമ്പോൾ കണക്കുകളുമായി ബന്ധപ്പെട്ട രേഖകളും രജിസ്റ്ററുകളും ഫയലുകളും കൃത്യമായി സൂക്ഷിക്കുന്നുണ്ടോയെന്നും ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തുന്നുണ്ടോയെന്നും കൃത്യമായ ഉത്തരവുകളുടെയും രേഖകളുടെയും അടിസ്ഥാനത്തിലാണ് തുക ചെലവഴിക്കുന്നതെന്നും ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ഉറപ്പുവരുത്തേണ്ടതുണ്ട്.

1-8-1 മോണിറ്ററിംഗ് സമിതി കാര്യക്ഷമമല്ല

പഞ്ചായത്ത് വർക്കിംഗ് ഗ്രൂപ്പുകളുടെ സഹായത്തോടെ ആവിഷ്കരിച്ച് ആസൂത്രണ സമിതിയുടെ അംഗീകാരം നേടി ഏറ്റെടുക്കുന്ന പദ്ധതികൾ, തദ്ദേശ സ്ഥാപനങ്ങളിലെയും അവയ്ക്ക് കൈമാറിക്കിട്ടിയ വിവിധ സ്ഥാപനങ്ങളിലെയും ഉദ്യോഗസ്ഥർ മുഖേനയാണ് നടപ്പാക്കുന്നത്. മേഖല അടിസ്ഥാനത്തിൽ അതത് മേഖലയിലെ വർക്കിംഗ് ഗ്രൂപ്പാണ് പദ്ധതി നിർവ്വഹണ ഘട്ടങ്ങളിലെ മോണിട്ടറിംഗ് നടത്തേണ്ടത്. മോണിട്ടറിംഗ് നടത്തേണ്ട വർക്കിംഗ് ഗ്രൂപ്പ് ഏതെന്ന് ജില്ലാ ആസൂത്രണ സമിതിക്ക് സമർപ്പിക്കുന്ന പ്രോജക്ട്

പ്രൊഫോർമയിൽ രേഖപ്പെടുത്തേണ്ടതുമാണ്. എന്നാൽ പഞ്ചായത്ത് നടപ്പിലാക്കിയിട്ടുള്ള പദ്ധതികളിൽ മോണിട്ടറിംഗ് നടത്തേണ്ട വർക്കിംഗ് ഗ്രൂപ്പ് മോണിട്ടറിംഗ് നടത്തി റിപ്പോർട്ട് നൽകിയിട്ടില്ല.

വർക്കിംഗ് ഗ്രൂപ്പിന്റെ അദ്ധ്യക്ഷൻ ജനപ്രതിനിധിയും കൺവീനർ ബന്ധപ്പെട്ട മേഖലയിലെ സീനിയർ ഉദ്യോഗസ്ഥനുമായിരിക്കേണ്ടതാണ്.

ജനകീയ സമിതിയായ വർക്കിംഗ് ഗ്രൂപ്പിന്റെ മോണിട്ടറിംഗ് റിപ്പോർട്ട് ലഭ്യമാക്കാതിരിക്കുന്നത് ജനകീയാസൂത്രണ പദ്ധതി നിർവ്വഹണത്തിന്റെ സുതാര്യതയെയും അന്ത:സത്തയേയും ചോദ്യം ചെയ്യുന്നതാണ്. ആകയാൽ മോണിട്ടറിംഗ് സമിതി പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

1-8-2 മുൻകൂർ രജിസ്റ്റർ

മുൻകൂർ രജിസ്റ്ററിൽ ഓണം മുൻകൂർ വിവരങ്ങൾ മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. വാർഷിക കണക്കുകൾ പ്രകാരം നിർവ്വഹണ ഉദ്യോഗസ്ഥർക്കുള്ള മുൻകൂർ, മറ്റുള്ളവർക്കുള്ള മുൻകൂർ എന്നീ ഇനങ്ങളിൽ മുൻകൂർ നൽകിയിട്ടുണ്ട്. എന്നാൽ, രജിസ്റ്ററിൽ വിവരങ്ങൾ രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

1-8-3 സ്റ്റോക്ക് രജിസ്റ്റർ

വാങ്ങുന്ന സ്റ്റോക്കുകളുടെ വിവരങ്ങൾ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ, ബിൽ/വൗച്ചർ വിവരങ്ങൾ, പർച്ചേസ് ബിൽ വിവരങ്ങൾ, സ്പെസിഫിക്കേഷൻ വാറണ്ടി സ്റ്റോക്കിന്റെ മൂല്യം തുടങ്ങിയ വിവരങ്ങൾ രേഖപ്പെടുത്തുന്നില്ല. സാമ്പത്തിക വർഷാവസാനം സ്റ്റോക്കുകളുടെ ഭൗതിക പരിശോധന നടത്തി റിപ്പോർട്ട് രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

1-8-4 സ്യൂട്ട് രജിസ്റ്റർ

സ്യൂട്ട് രജിസ്റ്റർ പരിപാലിക്കുന്നുണ്ടെങ്കിലും എല്ലാ കോളത്തിലും ആവശ്യമായ രേഖപ്പെടുത്തലുകൾ നടത്തുന്നില്ല. അതിനാൽ, കേസുകളുടെ തൽസ്ഥിതി സംബന്ധിച്ച വിവരങ്ങൾ രജിസ്റ്ററിൽ നിന്നും വ്യക്തമായി അറിയുന്നതിന് സാധിക്കുന്നില്ല.

1-8-5 ഓഡിറ്റ് റിക്കവറി രജിസ്റ്റർ

ഓഡിറ്റ് റിക്കവറി രജിസ്റ്ററിൽ വിവിധ വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിലെ ഖണ്ഡികകളുടെ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ, ഖണ്ഡികകളിൽ പരാമർശിച്ചിട്ടുള്ള നഷ്ടോത്തരവാദിത്വം സംബന്ധിച്ച വിവരങ്ങൾ, തുക തിരികെ ഒടുക്കിയിട്ടുള്ളതിന്റെ വിവരങ്ങൾ എന്നിവ ചേർത്ത് കാലികമാക്കിയിട്ടില്ല.

1-8-6 ഡെപ്പോസിറ്റ്/ അഡ്വാൻസ് രജിസ്റ്ററുകൾ

ഡെപ്പോസിറ്റ് രജിസ്റ്ററും അഡ്വാൻസ് രജിസ്റ്ററും കൃത്യമായി പരിപാലിക്കുന്നില്ല. ഡെപ്പോസിറ്റുകളുടെ റീഫണ്ട് വിവരങ്ങളും അഡ്വാൻസ് തുകകളുടെ വിനിയോഗ/തിരിച്ചടവ് വിവരങ്ങളും രജിസ്റ്ററുകളിൽ രേഖപ്പെടുത്തി സെക്രട്ടറി അധികൃതമാക്കിയിട്ടില്ല. എല്ലാ കോളത്തിലും ആവശ്യമായ രേഖപ്പെടുത്തൽ നടത്തിയിട്ടില്ല.

## 1-9 വാർഷിക കണക്കിലെ അപാകതകൾ

1) വസ്തുനികുതി ഡിസിബി തുകകൾ AFS ലെ തുകകളുമായി പൊരുത്തപ്പെടുന്നില്ല.
2) B-4 പ്രകാരം (ഹെഡ് 320100115)TSC ഗ്രാന്റിനത്തിൽ ₹ 1395612/- നീക്കിയിരിപ്പ് ഉണ്ട്. പ്രസ്തുത തുക നാളുകളായി വിനിയോഗിക്കാതെ സൂക്ഷിച്ചിരിക്കുന്നു.
3) ഹെഡ് 320100199 ൽ ₹76981/- നീക്കിയിരിപ്പുണ്ട്. തുക നാളുകളായി ചെലവഴിക്കാതെ സൂക്ഷിച്ചിരിക്കുന്നു. വരവ് ഇനം വ്യക്തമല്ല.
4) ബാലൻസ് ഷീറ്റ് B-9 ഹെഡ് 350800299 ൽ ₹63246/- Other Liability ചേർത്തിരിക്കുന്ന തുകയുടെ ഇനം വ്യക്തമായിട്ടില്ല.
5) ഗുണഭോക്തൃ വിഹിതമിനത്തിൽ ₹925700/- (B-4) അവശേഷിക്കുന്നുണ്ട്. ഗുണഭോക്തൃ വിഹിതം ഉൾപ്പെടെയുള്ള ഇനങ്ങളിൽ നിശ്ചിത ഹെഡ്ഡിൽ നിന്നാണ് വരവ് ചെലവുകൾ നടന്നിട്ടുള്ളത് എന്ന് ഉറപ്പാക്കേണ്ടതാണ്.
6) എസ്.സി ഫണ്ടിനത്തിൽ ₹277000/- നാളുകളായി ചെലവഴിക്കാതെ അവശേഷിക്കുന്നു.
7) ബാലൻസ് ഷീറ്റ് B-9 ലെ VAT, Flood Cess, Govt. & Other Dues Payable, Refund Payable, Other Taxes, Refund Payable Others എന്നീ തുകകൾ കൃത്യമായി ഒടുക്കുന്നില്ല.
8) ബാലൻസ് ഷീറ്റ് B-18 പ്രകാരം വാട്ടർ അതോറിറ്റിയിൽ ₹1408248/- ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ടെങ്കിലും നാളിതുവരെ വിനിയോഗവിവരങ്ങൾ ലഭ്യമായിട്ടില്ല.

## 1-9-1 സ്റ്റെയിൽ ചെക്ക് തുക ബാധ്യതയിൽ നിന്നും ക്രമീകരിച്ചില്ല

ഗ്രാമപഞ്ചായത്തിന്റെ 31.03.2022-ലെ ആസ്തി-ബാദ്ധ്യത പത്രികയിലെ 350800101 - Liability In Respect Of Stale Cheques എന്ന ശീർഷകത്തിൽ ₹41697/- രേഖപ്പെടുത്തിയിട്ടുണ്ട്. മൂന്നുമാസകാലാവധി കഴിഞ്ഞ Stale Cheque തുകകൾ ഗ്രാമപഞ്ചായത്തിന്റെ ബാദ്ധ്യതയിൽ നിന്നും ഒഴിവാക്കി 2011-ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടങ്ങൾ 22, 44, 45 എന്നിവയിൽ വ്യവസ്ഥ ചെയ്തിട്ടുള്ള രീതിയിൽ തനതുഫണ്ടിൽ രേഖപ്പെടുത്തുന്നതിനുള്ള ക്രമീകരണങ്ങൾ നടത്തേണ്ടതാണ്.

## 1-10 തനത് ഫണ്ടിന് ഒന്നിലധികം അക്കൗണ്ടുകൾ നിലനിർത്തിയിരിക്കുന്നു

തദ്ദേശസ്വയംഭരണ വകുപ്പിന്റെ 19-03-2015-ലെ 58725/എഫ്എം3/2008/തസ്വഭവ നമ്പർ സർക്കുലർ പ്രകാരം തനത് ഫണ്ട് നിക്ഷേപത്തിന് ഒന്നിലധികം ബാങ്ക് അക്കൗണ്ടുകൾ അഭികാമ്യമല്ല. ട്രഷറി അക്കൗണ്ടിനു പുറമേ ഒരു ദേശസാൽകൃത/സഹകരണ ബാങ്ക് അക്കൗണ്ടു കൂടി മാത്രമാണ് ആവശ്യമായുള്ളത്. എന്നാൽ കരിങ്കുന്നം ഗ്രാമപഞ്ചായത്തിൽ കേരള ഗ്രാമീൺ ബാങ്ക്, ട്രഷറി അക്കൗണ്ട് എന്നിവയ്ക്ക് പുറമെ കരിങ്കുന്നം സർവ്വീസ് സഹകരണ ബാങ്ക് അക്കൗണ്ടിൽ (നം.3169 ₹1508,738/-) നിക്ഷേപമുണ്ട്. ടി ബാങ്ക് അക്കൗണ്ടുകളിൽ ഒരെണ്ണം നിലനിർത്തി മറ്റുള്ളത് ക്ലോസ് ചെയ്ത് വിവരമറിയിക്കേണ്ടതാണ്.

## 1-11 കെട്ടിടങ്ങൾ തെറ്റായ ഗണത്തിൽ ഉൾപ്പെടുത്തിയതിനാൽ വസ്തു നികുതിയിൽ നഷ്ടം

വാണിജ്യാവശ്യത്തിനുള്ള ബങ്കുകൾ, പെട്ടിക്കടകൾ, ഫ്യൂവൽ സ്റ്റേഷൻ എന്ന ഉപയോഗക്രമത്തിൽ ₹40/- നിരക്കിൽ വസ്തു നികുതി ഡിമാന്റ് ചെയ്യപ്പെട്ട താഴെ പരാമർശിക്കുന്ന കെട്ടിടങ്ങൾ വാണിജ്യാവശ്യത്തിനുള്ള ഹോട്ടലുകൾ, ഷോപ്പുകൾ, ഗോഡൗൺ എന്ന ഉപയോഗക്രമത്തിൽ ഉൾപ്പെട്ടവയാണെന്ന് സഞ്ചയയിൽ ക്രോഡീകരിച്ചിട്ടുള്ള വിവരങ്ങളിൽനിന്ന് വ്യക്തമാണ്. സ.ഉ. (അ) നം. 17/2011/തസ്വഭവ തീയതി. 14.01.2011 പ്രകാരം അതത് വിഭാഗത്തിലുൾപ്പെട്ട കെട്ടിടങ്ങൾക്ക് ഈടാക്കേണ്ട നികുതി നിരക്ക് (പഞ്ചായത്ത് നിശ്ചയിച്ചത്) താഴെ കൊടുക്കുന്നു.

| ക്രമ നം. | കെട്ടിട നം. | ഉടമസ്ഥന്റെ വിവരം | ഉപയോഗക്രമം പഞ്ചായത്ത് നിശ്ചയിച്ചത് | വിസ്തീർണ്ണം ച.മീ. | ഈടാക്കേണ്ട നികുതി നിരക്ക് |
|---|---|---|---|---|---|
| 1 | 9/290 | സെക്രട്ടറി, | 100 ച.മീ. വരെ വിസ്തീർണ്ണമുള്ള | 32 | 50 |

| | | | | | |
|---|---|---|---|---|---|
| | | എസ്.സി.ബി. കരിങ്കുന്നം | | | |
| 2 | 9/291 | സെക്രട്ടറി, എസ്.സി.ബി. കരിങ്കുന്നം | വാണിജ്യാവശ്യത്തിനുള്ള ഹോട്ടലുകൾ, ഷോപ്പുകൾ, ഗോഡൗൺ | 32 | 50 |
| 3 | 9/292 | സെക്രട്ടറി, എസ്.സി.ബി. കരിങ്കുന്നം | | 32 | 50 |
| 4 | 9/293 | സെക്രട്ടറി, എസ്.സി.ബി. കരിങ്കുന്നം | | 95 | 50 |
| 5 | 10/231 | റ്റി.റ്റി.തോംസൺ, ഉറുമ്പിൽ | 100 ച.മീ. ന മുകളിൽ വിസ്തീർണ്ണമുള്ള വാണിജ്യാവശ്യത്തിനുള്ള ഹോട്ടലുകൾ, ഷോപ്പുകൾ, ഗോഡൗൺ | 190 | 60 |
| 6 | 10/233A | റെജി, ചവറാട്ട് | 100 ച.മീ. വരെ വിസ്തീർണ്ണമുള്ള വാണിജ്യാവശ്യത്തിനുള്ള ഹോട്ടലുകൾ, ഷോപ്പുകൾ, ഗോഡൗൺ | 39 | 50 |
| 7 | 10/233B | റെജി, ചവറാട്ട് | | 39 | 50 |
| 8 | 10/233C | റെജി, ചവറാട്ട് | | 39 | 50 |
| 9 | 10/233D | റെജി, ചവറാട്ട് | | 31.32 | 50 |
| 10 | 12/7A | ജോയ്, മുകളേൽ | | 19.5 | 50 |
| 11 | 12/7B | ജോയ്, മുകളേൽ | | 92 | 50 |
| 12 | 12/13 | എം.എ.ജോൺ, മുളപ്പാക്കൽ | | 45.8 | 50 |
| 13 | 12/303 | വികാർ, സെന്റ് അഗസ്റ്റിൻസ് ചർച്ച് | 100 ച.മീ. ന മുകളിൽ വിസ്തീർണ്ണമുള്ള വാണിജ്യാവശ്യത്തിനുള്ള ഹോട്ടലുകൾ, ഷോപ്പുകൾ, ഗോഡൗൺ | 220 | 60 |
| 14 | 12/304 | വികാർ, സെന്റ് അഗസ്റ്റിൻസ് ചർച്ച് | | 122 | 60 |
| 15 | 12/318 | വികാർ, സെന്റ് അഗസ്റ്റിൻസ് ചർച്ച് | 100 ച.മീ. വരെ വിസ്തീർണ്ണമുള്ള വാണിജ്യാവശ്യത്തിനുള്ള ഹോട്ടലുകൾ, ഷോപ്പുകൾ, ഗോഡൗൺ | 32 | 50 |
| 16 | 13/358 | സാബു എബ്രഹാം, ചെറിയാക്കൽ | | 94 | 50 |
| 17 | 8/19/C | ബിൻസി ജെയിംസ് & ജൂബി ബിനോയി, തേക്കിലക്കാട്ടിൽ | | 22.99 | 50 |
| 18 | 12/383 | സെക്രട്ടറി, എസ്.സി.ബി. കരിങ്കുന്നം | 100 ച.മീ. ന മുകളിൽ വിസ്തീർണ്ണമുള്ള വാണിജ്യാവശ്യത്തിനുള്ള ഹോട്ടലുകൾ, ഷോപ്പുകൾ, ഗോഡൗൺ | 407 | 60 |

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.10/തീ.22-12-2022) സമർപ്പിച്ച മറുപടിയിൽ, സഞ്ചയ പ്യൂരിഫിക്കേഷൻ നടത്തി അപാകതകൾ പരിഹരിക്കുന്നതാണെന്ന് സെക്രട്ടറി അറിയിച്ചിട്ടുണ്ട്. മേൽ കെട്ടിടങ്ങളുടെ സഞ്ചയ പ്രകാരമുള്ള ഉപയോഗക്രമം പരിശോധിച്ച് ബാധകമായ വസ്തു നികുതി ഡിമാന്റ് ചെയ്ത് വിവരം അറിയിക്കേണ്ടതാണ്.

1-12 തടിലേലം നടത്തിയില്ല

അസി.ഫോറസ്റ്റ് കൺസർവേറ്ററുടെ 10-03-2022 ലെ എ1-134/2022 വാല്യുവേഷൻ സർട്ടിഫിക്കറ്റ് പ്രകാരം കരിങ്കുന്നം-ഇല്ലിചാരി മിനി എം.സി.എഫിന്റെ സമീപത്തെ മരങ്ങൾ ലേലം ചെയ്ത് വിൽക്കുന്നതിന് തീരുമാനിച്ചെങ്കിലും വാങ്ങുന്നതിന് ആരും തയ്യാറാവാത്തതിനാൽ ലേലം നടന്നിട്ടില്ലെന്ന് കാണുന്നു. വാല്യുവേഷൻ സംബന്ധിച്ച വിശദ വിവരം ചുവടെ.

| ക്രമ നം. | ഇനം | വില₹ |
|---|---|---|
| 1 | തേക്ക് വിറക് | 13553<br>675 |
| 2 | തേക്ക് വിറക് | 29636<br>1298 |
| 3 | തേക്ക് | 6956 |
| 4 | തേക്ക് വിറക് | 24607<br>989 |
| 5 | കശുമാവ് | 172 |
| 6 | മഞ്ചാടി വിറക് | 4328<br>547 |
| 7 | പൊങ്ങല്യം | 10120 |
| 8 | പൊങ്ങല്യം | 3245 |
| 9 | പൊങ്ങല്യം | 4111 |
| 10 | പൊങ്ങല്യം | 1964 |
| 11 | പൊങ്ങല്യം | 7088 |
| 12 | ഇരുൾ വിറക് | 3091<br>510 |
| 13 | ഇരുൾ വിറക് | 3091<br>510 |

ലേലം സംബന്ധിച്ച തുടർ നടപടികളുടെ വിവരങ്ങൾ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.11/22-12-2022) സെക്രട്ടറി സമർപ്പിച്ച മറുപടിയിൽ, മിനി എം.സി.എഫ്. ന്റെ ചുറ്റുമതിൽ നിർമ്മാണത്തിനായാണ് മരങ്ങൾ മുറിച്ച് മാറ്റാൻ തീരുമാനിച്ചതെന്നും വില നിർണ്ണയം നടത്തിയതിൽ 4 തേക്ക് മരങ്ങൾ നിലനിർത്തി ബാക്കിയുള്ളവ ₹41739/- അടിസ്ഥാന വിലയിട്ട് 23-12-2022-ന് ലേലം നടത്താൻ തീരുമാനിച്ചതായും അറിയിച്ചിട്ടുണ്ട്. ലേലം തുടർനടപടി വിവരങ്ങൾ ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

### 1-13 വിവിധ വാർഡുകളിൽ പൈപ്പ് ലൈൻ എക്സ്റ്റെൻഷൻ- പദ്ധതി നടത്തിപ്പിലെ അപാകതകൾ

| | |
|---|---|
| പ്രോജക്ട് | 126/22, വിവിധ വാർഡുകളിൽ പൈപ്പ് ലൈൻ എക്സ്റ്റെൻഷൻ |
| അടങ്കൽ | ₹1236800/- ധനകാര്യ കമ്മീഷൻ ഗ്രാന്റ്) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| വൌച്ചർ നം./ തീയതി/ തുക | 22101113/ 26.03.2022/ ₹1178090/- |

ഗ്രാമപഞ്ചായത്തിന്റെ 9, 10 വാർഡുകളിൽ പൈപ്പ് ലൈൻ എക്സ്റ്റെൻഷൻ നടത്തുന്നതിനായി കേരള വാട്ടർ അതോറിറ്റി, പി.എച്ച്.ഡിവിഷൻ, എക്സിക്യൂട്ടീവ് എൻജിനീയർ പഞ്ചായത്തിന്റെ ആവശ്യാനുസരണം ₹1460000/- യുടെ എസ്റ്റിമേറ്റ് തയ്യാറാക്കി നൽകിയതിന് ശേഷം മുകളിൽ സൂചിപ്പിച്ച വൌച്ചർ പ്രകാരം ₹1178090/- ഒടുക്ക് വരുത്തുകയും ചെയ്തിട്ടുണ്ട്. ഇതേ തുടർന്ന് വാട്ടർ അതോറിറ്റിയുമായി 31.03.2022 ൽ ഏർപ്പെട്ടിട്ടുള്ള കരാറിൽ പ്രസ്തുത പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തുകയായ ₹1460000/- യിൽ അവശേഷിക്കുന്ന ₹281910/- 2022-23 സാമ്പത്തിക വർഷത്തെ പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ളതാണെന്നും ആയത് വാട്ടർ അതോറിറ്റിയിൽ ഒടുക്ക് വരുത്തിയതിന് ശേഷം പ്രവൃത്തി ടെണ്ടർ ക്ഷണിച്ച് പണികൾ പൂർത്തീകരിക്കുന്നതാണെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. അവശേഷിക്കുന്ന ₹281910/- ഒടുക്ക് വരുത്തിയാൽ മാത്രമേ നിലവിൽ ഒടുക്ക് വരുത്തിയ തുകയുടെ പ്രവൃത്തികൾ ആരംഭിക്കുകയുള്ളൂയെന്ന് ഇതിൽ നിന്ന് വ്യക്തമാണ്. ഇത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം. 8 ന് ലഭ്യമാക്കിയ മറുപടിയിൽ 2022-23 വർഷം ₹281910/- അടങ്കലിൽ വിവിധ വാർഡുകളിൽ പൈപ്പ് ലൈൻ എക്സ്റ്റെൻഷൻ ബാലൻസ് തുക നൽകൽ (95/23) എന്ന പദ്ധതി ഏറ്റെടുക്കുകയും ഡി.പി.സി. അംഗീകാരം ലഭിക്കുകയും ചെയ്തിട്ടുള്ളതാണെന്നും ഉടൻ തന്നെ തുക കൈമാറി വാട്ടർ അതോറിറ്റിയുമായി കരാറിൽ ഏർപ്പെടുന്നതും പദ്ധതി പൂർത്തീകരിക്കുന്നതുമാണെന്ന് അറിയിച്ചിട്ടുണ്ട്. പദ്ധതി ഏറ്റെടുത്തപ്പോൾ മതിയായ തുക വകയിരുത്താൻ കഴിയാത്തതുകൊണ്ട് ഒടുക്ക് വരുത്തിയ ₹1178090/- നാളിതുവരെയും പ്രയോജനപ്പെടാതെ പോയിരിക്കുന്നു. ഇത്തരം അപാകതകൾ ഭാവിയിൽ ഉണ്ടാവാതിരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്. കൂടാതെ 2020-21 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 1-18 പരാമർശിച്ചിരിക്കുന്നത് പ്രകാരം മുൻവർഷങ്ങളിൽ നിർവ്വഹിച്ച പ്രവൃത്തികൾക്കായി വാട്ടർ അതോറിറ്റിയിൽ ഒടുക്കിയ തുകയിൽ പദ്ധതിയുടെ പൂർത്തീകരണത്തിന് ശേഷം മിച്ചം വന്നിട്ടുള്ള ₹230158/- തിരികെ ലഭിക്കാനുള്ളത് തിരികെ ഈടാക്കുകയോ, ഈ വർഷത്തെ പ്രവൃത്തിയിൽ ക്രമീകരിക്കുകയോ ചെയ്യേണ്ടതാണ്.

### 1-14 ഭവന നിർമ്മാണം സമയബന്ധിതമായി പൂർത്തീകരിച്ചിട്ടില്ല.

| | |
|---|---|
| പ്രോജക്റ്റ് | 23/22, ലൈഫ് പദ്ധതി - എസ്.സി.പി. |
| അടങ്കൽ | ₹5400000/- |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വി.ഇ.ഒ. -കരിങ്കുന്നം സർക്കിൾ |
| ബിൽ നം./ തീയതി/ തുക | 20100552012501416473/ 29.03.2021/ ₹40000/-<br>21100552012500856259/29.12.2021/ ₹ 160000/-<br>21100552012501275428/ 08.03.2022/ ₹112000/-<br>ആകെ ₹312000/- |

ലൈഫ് പദ്ധതി (എസ്.സി.പി.) യിൽ ഉൾപ്പെട്ടിട്ടുള്ള ശ്രീമതി. സജിത ഗോപി, മലേമുണ്ടയിൽ വീട്, വാർഡ് -12, കുണിഞ്ഞി പി.ഒ. എന്ന ഗുണഭോക്താവിന് മുകളിൽ സൂചിപ്പിച്ച ബിൽ പ്രകാരം നാളിതുവരെ ₹312000/- അനുവദിച്ചതായി കാണുന്നു. എന്നാൽ ഫയൽ പരിശോധിച്ചതിൽ ഗുണഭോക്താവ് ലിന്റൽ ലെവൽ വരെ മാത്രമേ നിർമ്മാണം പൂർത്തീകരിച്ചതായി കാണുന്നുള്ളൂ. അവസാനമായി തുക നൽകിയത് 08.03.2022 ൽ ആണ്. റൂഫ് വാർക്കയ്ക്കുള്ള തുകയാണ് മുൻകൂറായി നൽകിയിട്ടുള്ളത്. എന്നാൽ നാളിതുവരെ ഭവന നിർമ്മാണം പൂർത്തീകരിക്കാത്തതിന്റെ കാരണം വ്യക്തമല്ല. ഇത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുന്നതിന് 22.12.2022 ന് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം. 13 ന് മറുപടി ലഭ്യമാക്കിയില്ല. ഭവന നിർമ്മാണം പൂർത്തീകരിക്കുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കേണ്ടതാണ്.

### 1-15 വലിയനിലംപാടം പുളിഞ്ചുവട് റോഡ് റീടാറിംഗ് & സൈഡ് കെട്ട്- പൊളിച്ചെടുത്ത കരിങ്കല്ല് മൂല്യ നിർണ്ണയം നടത്തി ലേലം ചെയ്തു നൽകിയിട്ടില്ല

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസി.എഞ്ചിനിയർ |
| പ്രോജക്റ്റ് നം. | 34/22 |

| | |
|---|---|
| അടങ്കൽ തുക | ₹648818/-(മെയിന്റനൻസ് ഗ്രാന്റ് റോഡ്) |
| കരാറുകാരൻ | ശ്രീ ടാജ് കെ |
| കരാർ നം | 22/15.02.22 |
| അളവുബുക്ക് | 22/21-22 |
| ബിൽ നം/തീയതി, തുക | 21100552016701473582/26.03.22 |

വലിയനിലംപാടം പുളിഞ്ചുവട് റോഡ് റീടാറിംഗ് & സൈഡ് കെട്ട് എന്ന പദ്ധതിയുടെ എസ്റ്റിമേറ്റിൽ അഞ്ചാമത്തെ ഇനമായി ഉൾപ്പെടുത്തിയിരുന്നത് "Demolishing And Stacking Stone Rubble(2.7.D) എന്ന പ്രവൃത്തി ഇനമായിരുന്നു. അളവു ബുക്ക് പേജ് 1 പ്രകാരം 7.44$m^3$ കരിങ്കല്ല് പൊളിച്ചെടുത്ത് സ്റ്റാക്ക് ചെയ്തിട്ടുള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്. അളവു ബുക്കിൽ ഇനം 7 ആയി രേഖപ്പെടുത്തിയിട്ടുള്ളത് 'Dry Rubble Masonry' (Od1429832/21-22) എന്ന പ്രവൃത്തിയാണ്. 56.880$m^3$ കരിങ്കല്ല് കെട്ട് നടത്തിയ ഇനത്തിൽ കരാറുകാരന് ₹2829.86/$m^3$ നിരക്കിൽ ₹160962/-അനുവദിക്കുകയും ചെയ്തിട്ടുണ്ട്. ഇനം 5 പ്രകാരം പെളിച്ചെടുത്ത കരിങ്കല്ല് പ്രസ്തുത പ്രവൃത്തിക്കു വേണ്ടി ഉപയോഗപ്പെടുത്തിയിട്ടുള്ളതായി കാണുന്നില്ല. പ്രവൃത്തി സ്ഥലത്തു നിന്നും ലഭ്യമായ കരിങ്കല്ലിന്റെ മൂല്യ നിർണ്ണയം നടത്തി സർവ്വേ റിപ്പോർട്ട് തയ്യാറാക്കി ലേല നടപടികൾക്കായി ഗ്രാമപഞ്ചായത്തിനു കൈമാറിയിട്ടുള്ളതായും കാണുന്നില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് വിശദീകരണം നൽകിയിട്ടില്ല. പ്രവൃത്തി സ്ഥലത്തു നിന്നും ലഭ്യമായ കരിങ്കല്ലിന്റെ ലേല നടപടികൾ പൂർത്തിയാക്കി വിവരം അറിയിക്കേണ്ടതാണ്.

1-16 എസ്.എസ്.എ വിഹിതം -വിശദമായ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല

സമഗ്ര ശിക്ഷാ അഭിയാൻ പദ്ധതിയുടെ ഭാഗമായി ചുവടെ കൊടുത്തിരിക്കുന്ന പ്രകാരം ₹100,000/- പിൻവലിച്ച് സമഗ്ര ശിക്ഷാ അഭിയാൻ ജില്ലാ കോ-ഓർഡിനേറ്ററുടെ പേരിലുള്ള അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. എന്നാൽ, എസ്.എസ്.എ. വിഹിതം ആവശ്യപ്പെട്ടുകൊണ്ടുള്ള ഡിമാന്റ് നോട്ടീസ്, തുക ഉപയോഗിച്ച് ഗ്രാമപഞ്ചായത്തിൽ നടത്തിയ പ്രവർത്തനങ്ങളുടെ വിശദമായ വിനിയോഗ സാക്ഷ്യപത്രം എന്നിവ എസ്.എസ്.എ-യിൽ നിന്നും ലഭ്യമാക്കിയിട്ടില്ല.

| പ്രോജക്ടിന്റെ പേര് | അടങ്കൽ (₹) | ബിൽ നം./തീയതി | ഫണ്ട് | തുക (₹) | നിർവ്വഹണ ഉദ്യോഗസ്ഥൻ |
|---|---|---|---|---|---|
| എസ്.എസ്.എ വിഹിതം-ജനറൽ (11/2022) | 100000 വികസന ഫണ്ട് (പൊതുവിഭാഗം) | 21100552012400526824 തീ. 23.09.2021 | വികസന ഫണ്ട് (പൊതുവിഭാഗം) | 100000 | ഹെഡ്മാസ്റ്റർ |

29.01.2018-ലെ സ.ഉ(കൈ) നം.11/2018/തസ്വഭവ-യിലെ ഖണ്ഡിക 7.6(3) പ്രകാരം എ.എസ്.എ, ആർ.എം.എസ്.എ. പ്രോജക്ടുകൾക്ക് തുക വകയിരുത്തണമെന്നും പ്രോജക്ടുകളുടെ വിശദാംശങ്ങൾ തയ്യാറാക്കുന്നതിൽ തദ്ദേശ സ്ഥാപനം മുഖ്യ പങ്ക് വഹിക്കേണ്ടതാണെന്നും നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ, തുക കൈമാറിയിട്ടുള്ളതല്ലാതെ ഗ്രാമപഞ്ചായത്തിൽ നടപ്പാക്കുന്ന എസ്.എസ്.എ. പ്രോജക്ടുകൾ സംബന്ധിച്ച് യാതൊരു നടപടിയും പഞ്ചായത്ത് സ്വീകരിച്ചിട്ടില്ല.

ഗ്രാമ പഞ്ചായത്തിൽ 2021-2022 സാമ്പത്തിക വർഷം എ.എസ്.എ. പ്രകാരം ആവിഷ്കരിച്ച

പ്രോജക്ടുകളുടെ നിർവ്വഹണവും ഗ്രാമ പഞ്ചായത്ത് കൈമാറിയ തുക ഉൾപ്പെടുത്തി തയ്യാറാക്കിയ പ്രോജക്ടുകളുടെ വിശദാംശങ്ങളും വിനിയോഗ വിവരവും ലഭ്യമാക്കേണ്ടതാണ്.

1-17 മൃഗാശുപത്രിയിലേക്ക് കമ്പ്യൂട്ടർ വാങ്ങൽ-ലാപ് ടോപ്പ് ലഭ്യമായിട്ടില്ല

കെൽട്രോൺ മുഖേന മൃഗാശുപത്രിയിലേക്ക് ലാപ് ടോപ്പ് വാങ്ങുന്നതിനായി ബിൽ നം.21100552012300751072/9.12.21 പ്രകാരം ₹27229/-കെൽട്രോണിന്റെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്തിരുന്നു. വില വ്യത്യാസം വന്നതിനെ തുടർന്ന് പഴയ നിരക്കിൽ ലാപ് ടോപ്പ് ലഭ്യമാക്കുവാൻ കഴിയുകയില്ലെന്ന് കെൽട്രോണിൽ നിന്നും അറിയിപ്പ് ലഭിച്ചതിനെ തുടർന്ന് ₹27229/-തിരികെ ലഭിക്കുന്നതിനുള്ള നടപടികൾ ഗ്രാമ പഞ്ചായത്ത് സ്വീകരിച്ചിട്ടുണ്ടെങ്കിലും തുക നാളിതുവരെയും തിരികെ ലഭ്യമായിട്ടില്ല. തുക തിരികെ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

1-18 പാലിന് സബ്സിഡി -ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെടാത്തവർക്ക് ആനുകൂല്യം

പദ്ധതി നമ്പർ -25/21-22
പദ്ധതി -പാലിന് സബ്സിഡി
തൻവർഷം ക്ഷീര വികസന ഓഫീസർ നിർവ്വഹണം നടത്തിയ മേൽ പദ്ധതിയിൽ താഴെ പറയുന്ന ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകിയിട്ടുണ്ട്. എന്നാൽ ഗുണഭോക്താക്കൾ അംഗീകൃത ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല. ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെടാത്ത ഗുണഭോക്താക്കൾക്ക് ഗ്രാമസഭാ അംഗീകാരം ലഭ്യമാക്കുകയോ, സാധൂകരണം ലഭ്യമാക്കുകയോ ചെയ്യേണ്ടതാണ്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ബിൽ നമ്പർ /തിയതി /തുക | ഗുണഭോക്താവിന്റെ പേര് | നൽകിയ തുക |
|---|---|---|
| 21100552021400685564/16-11-21/53029 | രാജി ജോസഫ് | 40000 |
| 21100552021400685561/16-11-2021/75699 | ബേബി അബ്രഹാം | 2553 |
| 21100552021401114963/14-2-2022/38599 | സജീവ് കുര്യൻ | 1217 |
| 21100552021401114963/14-2-2022/38599 | ഇമ്മാനുവൽ | 1700 |
| 21100552021401114971/14-2-22/8826 | ലക്ഷ്മി ശശി | 1945 |
| 21100552021401114971/14-2-22/8826 | ഷിജോ | 1120 |
| 2110055202140114963/14-2-2022/38599 | സലി ഫിലിപ്പ് | 1305 |
| 21100552021400791318/16-12-2021/42663 | ജെയിംസ് ജോൺ | 2127 |

1-19 മരിച്ച പോയ ഗുണഭോക്താക്കൾക്ക് പെൻഷൻ ആനുകൂല്യം നൽകി

പഞ്ചായത്തിൽ സാമൂഹ്യസുരക്ഷാപെൻഷൻ വിതരണം സംബന്ധിച്ച് സേവന പെൻഷൻ സോഫ്റ്റ് വെയറിലും തൻ വർഷത്തെ പഞ്ചായത്തിലെ മരണ റിപ്പോർട്ടിലും ലഭ്യമായ വിവരങ്ങൾ ചേർത്ത് പരിശോധിച്ചപ്പോൾ ചുവടെ സൂചിപ്പിക്കുന്ന ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിലേക്ക് അവർ മരണപ്പെട്ടതിന് ശേഷവും പെൻഷൻ നിക്ഷേപിക്കുകയോ തുക അനുവദിക്കുകയോ ചെയ്തിട്ടുണ്ട്.
വിശദാംശം ചുവടെ ചേർക്കുന്നു. ആയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

| ക്രമ നമ്പർ | പേര് | മരണപ്പെട്ട തിയതി/ മരണം രജിസ്റ്റർ ചെയ്ത തീയതി | അനർഹമായി തുക നൽകിയ മാസം | സ്റ്റാറ്റസ് | പെൻഷൻ നൽകിയ സ്ഥാപനം | അധികം നൽകിയ തുക |
|---|---|---|---|---|---|---|
| 1 | ചാക്കോ പി.സി | 14.12.20/26.04.21 | 12/20-4/21 | സസ്പെൻഡ് | വാർദ്ധക്യകാല പെൻഷൻ | 21900 |
| 2 | അന്നമ്മ ജേക്കബ് | 12.04.21/22.04.21 | 4/21-6/22 | സസ്പെൻഡ് | വാർദ്ധക്യകാല പെൻഷൻ | 24000 |
| 3 | തങ്കമ്മ ഗേവിന്ദൻ | 2.04.21/22.04.21 | 4/21-11/22 | ആക്ടീവ് | വാർദ്ധക്യകാല പെൻഷൻ | 32000 |

| | | | | | | |
|---|---|---|---|---|---|---|
| 4 | ജോർജ് മത്തായി | 3.04.21/3.05.21 | 4/21-2/22 | സസ്പെൻഡ് | വാർദ്ധക്യകാല പെൻഷൻ | 14400 |
| 5 | ഏലിക്കുട്ടി മത്തായി | 19.05.21/10.06.21 | 5/21-11/22 | സസ്പെൻഡ് | കർഷക തൊഴിലാളി പെൻഷൻ | 30400 |
| 6 | ജോസഫ് തോമസ് | 25.03.21/28.06.21 | 3/21-1/22 | സസ്പെൻഡ് | കർഷക തൊഴിലാളി പെൻഷൻ | 17500 |
| 7 | അന്നമ്മ ചെറിയാൻ | 21.07.21/29.07.21 | 7/21-4/22 | സസ്പെൻഡ് | വാർദ്ധക്യകാല പെൻഷൻ | 16000 |
| 8 | അന്നമ്മ ജോസഫ് | 13.07.21/02.08.21 | 7/21-1/22 | സസ്പെൻഡ് | വാർദ്ധക്യകാല പെൻഷൻ | 11200 |
| 9 | ത്രേസ്യാമ്മ അഗസ്റ്റി | 14.07.21/9.08.21 | 7/21-11/22 | ആക്ടീവ് | വാർദ്ധക്യകാല പെൻഷൻ | 22400 |
| 10 | കുഞ്ഞുപെണ്ണ് കിളിയൻ | 20.08.21/31.08.21 | 8/21-2/22 | സസ്പെൻഡ് | വാർദ്ധക്യകാല പെൻഷൻ | 8000 |
| 11 | സെബാസ്റ്റ്യൻ റോക്കി | 10.09.21/1.10.21 | 9/21-1/22 | സസ്പെൻഡ് | കർഷകതൊഴിലാളി പെൻഷൻ | 8000 |
| 12 | പെണ്ണമ്മ ചന്ദ്രൻ | 15.22.21/25.11/21 | 10/21-1/22 | സസ്പെൻഡ് | കർഷകതൊഴിലാളി പെൻഷൻ | 8000 |
| 13 | ഒ. തോമസ് | 24.09.21/7.19.21 | 9/21-10/22 | സസ്പെൻഡ് | ക്ഷേമനിധി ബോർഡ് | 22400 |
| 14 | എൻ. ഗംഗാധരൻ | 28.09.21/1.11.21 | 9/21-11/21 | സസ്പെൻഡ് | വാർദ്ധക്യകാല പെൻഷൻ | 6400 |
| 15 | ഏലിക്കുട്ടി ജോൺ | 12.10.21/1.11.21 | 12/21-11/21 | ആക്ടീവ് | കർഷകതൊഴിലാളി പെൻഷൻ | 19200 |
| 16 | അന്നമ്മ ജോർജ് | 25.04.21/11.11.21 | 4/21-11/22 | ആക്ടീവ് | വാർദ്ധക്യകാല പെൻഷൻ | 32000 |
| 17 | മത്തായി ഫിലിപ്പ് | 8.11.21/15.11.21 | 11/21-6/22 | ആക്ടീവ് | വാർദ്ധക്യകാല പെൻഷൻ | 12800 |
| 18 | സേവ്യർ പത്രോസ് | 11.11.21/24.11.21 | 11/21-11/22 | ആക്ടീവ് | വാർദ്ധക്യകാല പെൻഷൻ | 20800 |
| 19 | പൈലി പൈലി | 1.12.21/18.12.21 | 11/21-4/22 | സസ്പെൻഡ് | വാർദ്ധക്യകാല പെൻഷൻ | 9600 |
| 20 | മറിയം ജോസഫ് | 21.2.22/16.03.22 | 2/22-4/22 | സസ്പെൻഡ് | കർഷകതൊഴിലാളി പെൻഷൻ | 4800 |
| 21 | തങ്കച്ചൻ | 5.10.21/9.03.22 | 10/21-11/22 | ആക്ടീവ് | വാർദ്ധക്യകാല പെൻഷൻ | 16000 |
| 22 | രാമല്ൻ കുഞ്ഞ് | 25.01.22/2.02.22 | 1/22-8/22 | സസ്പെൻഡ് | വാർദ്ധക്യകാല പെൻഷൻ | 8000 |
| 23 | ഏബ്രഹാം പി.യു | 24.12.21/24.01.22 | 12/21-11/22 | ആക്ടീവ് | വാർദ്ധക്യകാല പെൻഷൻ | 19200 |
| 24 | ത്രേസ്യാമ്മ | 2.1.22/20.01.22 | 1/22-11/22 | ആക്ടീവ് | വാർദ്ധക്യകാല പെൻഷൻ | 17600 |
| 25 | സാറാമ്മ | 31.12.21/13.01.22 | 12/21-11/22 | ആക്ടീവ് | വാർദ്ധക്യകാല പെൻഷൻ | 19200 |
| 26 | അന്നമ്മ | 31.12.21/11.1.22 | 12/21-10/22 | ആക്ടീവ് | ക്ഷേമനിധി ബോർഡ് | 17600 |

ഗ്രാമപഞ്ചായത്തിൽ തൻവർഷം മരണം റിപ്പോർട്ട് ചെയ്യുകയും മരണ സർട്ടിഫിക്കറ്റ് പുറപ്പെടുവിക്കുകയും ചെയ്യപ്പെട്ടവയിൽ ഏതാനും മാസങ്ങളിലെ വിശദാംശങ്ങൾ പരിശോധിച്ചപ്പോൾ കണ്ടെത്തിയ ഗുണഭോക്താക്കളുടെ മാത്രം വിവരമാണ് മുകളിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. മറ്റ് തദ്ദേശ സ്വയം ഭരണ

സ്ഥാപനങ്ങളുടെ പരിധിയിൽ മരണപ്പെട്ട ഗുണഭോക്താക്കളുടെ വിവരങ്ങൾ ലഭ്യമായിട്ടില്ല. പല ഗുണഭോക്താക്കളെയും പെൻഷൻ ലിസ്റ്റിൽ നിന്നും ഒഴിവാക്കിയത് മരണം രജിസ്റ്റർ ചെയ്ത് മാസങ്ങൾക്ക് ശേഷമാണെന്നും 2019 വർഷം സർക്കാർ നടപ്പാക്കിയ നിർബന്ധിത മസ്റ്ററിംഗിന് ശേഷം മരണപ്പെട്ട ഏതാനും ഗുണഭോക്താക്കൾക്ക് പെൻഷൻ ബാങ്ക് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടുണ്ടെന്ന് മേൽ പട്ടികയിൽ നിന്ന് വ്യക്തമാണ്. അനർഹരായവരുടെ വിശദാംശങ്ങൾ സമയബന്ധിതമായി അറിയിക്കുകയെന്ന നടപടിക്രമം ഗ്രാമ പഞ്ചായത്തിൽ നിലവിലില്ലാതത്തതിനാൽ മറ്റ് തദ്ദേശ സ്ഥാപനങ്ങൾ/ക്ഷേമനിധി ബോർഡുകൾ മുഖേന പെൻഷൻ തുടർന്നും അനുവദിക്കാനിടയുണ്ട്.

23.09.2020-ലെ സ.ഉ(സാധാ)97/2020/ധന. ഉത്തരവിൽ അനർഹരായ ഗുണഭോക്താക്കളെ ഒഴിവാക്കുന്നതിനുള്ള മാനദണ്ഡങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. മരണപ്പെടുന്നവരുടെയും പുനർവിവാഹം ചെയ്യുന്നവരുടെയും വിവരങ്ങൾ അങ്കണവാടി/ആശാ വർക്കർമാർ മുഖാന്തിരം ശേഖരിച്ച് അതാത് മാസം തന്നെ പെൻഷൻ ഡേറ്റാ ബേസിൽ നിന്നും നീക്കം ചെയ്യേണ്ടതാണെന്ന് ഉത്തരവിലെ ഖണ്ഡിക സി(12)-ൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഖണ്ഡിക സി(13) പ്രകാരം പെൻഷൻ വിതരണം ചെയ്യുന്ന സഹകരണ സ്ഥാപനങ്ങൾ മരണപ്പെട്ടവരുടെ വിവരങ്ങൾ ഓരോ പെൻഷൻ വിതരണത്തിനുശേഷവും ബന്ധപ്പെട്ട പ്രാദേശിക സർക്കാരുകളെ അറിയിക്കേണ്ടതാണെന്നും പ്രാദേശിക സർക്കാർ സെക്രട്ടറിമാർ അന്വേഷണത്തിനുശേഷം പെൻഷൻ ഡേറ്റാ ബേസിൽ നിന്നും ഒഴിവാക്കേണ്ടതാണെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. പെൻഷൻ ഗുണഭോക്താവ് മരണപ്പെട്ട ശേഷമുള്ള പെൻഷൻ അനന്തരാവകാശികൾക്ക് അർഹതയില്ലെന്നും തുക കൈപ്പറ്റിയ അനന്തരാവകാശികളിൽ നിന്നും തുക തിരികെ പിടിക്കേണ്ടതാണെന്നും ഉത്തരവിൽ നിർദേശിച്ചിട്ടുണ്ട്. 05.11.2020-ലെ നം.67/2020/ധന. സർക്കുലർ പ്രകാരം മരണപ്പെട്ടവരെയും അനർഹരായവരെയും സമയബന്ധിതമായി പെൻഷൻ ഗുണഭോക്തൃലിസ്റ്റിൽ നിന്ന് ഒഴിവാക്കാത്ത പക്ഷം അത് മൂലമുണ്ടാകുന്ന നഷ്ടം തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ സെക്രട്ടറിയിൽ നിന്ന് ഈടാക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്.

പെൻഷണർ അനർഹനാവുന്ന അവസരത്തിൽ തന്നെ സമയബന്ധിതമായി അറിയിച്ചാൽ മാത്രമേ ബോർഡുകൾക്കും ബാങ്കുകൾക്കും പെൻഷൻ വിതരണം ചെയ്യുന്ന തദ്ദേശ സ്ഥാപനങ്ങൾക്കും അനർഹരായവരെ ഒഴിവാക്കുന്നതിനു സാധിക്കൂ. നിലവിൽ അനർഹമായി നൽകിയ മേൽ തുകകൾ ബാങ്കിൽ നിന്നോ അനർഹർ കൈപ്പറ്റിയിട്ടുണ്ടെങ്കിൽ അവരിൽ നിന്നോ ഈടാക്കി സർക്കാരിലേക്ക് അടവാക്കേണ്ടതാണ്. സഹകരണ സംഘങ്ങൾ മുഖേന വിതരണം ചെയ്യാത്ത തുക പഞ്ചായത്ത് ഡയറക്ടറുടെ പേരിലുള്ള ട്രഷറി അക്കൗണ്ടിലേയ്ക്ക് തിരിച്ചടയ്ക്കണമെന്ന് സ.ഉ(സാധാ)381/2017/ധന., തീ. 17.08.2017-ൽ നിർദ്ദേശിച്ചിട്ടുള്ളത് പാലിക്കുന്നുണ്ടെന്നും ഉറപ്പ് വരുത്തേണ്ടതാണ്.

## 1-20 അഗതിരഹിത കേരളം പദ്ധതി

ഗ്രാമപഞ്ചായത്തിലെ അഗതികളായ ഗുണഭോക്താക്കളെ കണ്ടെത്തി പുനരധിവസിപ്പിക്കുന്നതിനും ജീവിതസാഹചര്യങ്ങൾ ഒരുക്കുന്നതിനും വേണ്ടി ആവിഷ്കരിച്ച പദ്ധതിയാണ് അഗതിരഹിത കേരളം. ഗ്രാമപഞ്ചായത്തിലെ 54 ഗുണഭോക്തൃ കുടുംബങ്ങളെ ഉൾപ്പെടുത്തി ആവിഷ്കരിച്ച പദ്ധതിയ്ക്ക് കുടുംബശ്രീ മിഷന്റെ അംഗീകാരം ലഭിച്ചിട്ടുണ്ട്. നിലവിൽ 49 ഗുണഭോക്താക്കൾ ആണ് ഉള്ളത്. പദ്ധതിയുടെ ധനകാര്യവിശകലനം ചുവടെ ചേർക്കുന്നു.

| ഫണ്ടിനം | അടങ്കൽ | നാളിതുവരെലഭിച്ച തുക | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|
| വികസനഫണ്ട് | 2869200 | 0 | 0 | 0 |
| ചലഞ്ച് ഫണ്ട് | 8622000 | 1912800 | 0 | 905782 |
| മറ്റ് ഫണ്ട് | 290200 | 0 | 0 | 0 |
| ആകെ | 11781400 | 1912800 | 0 | 905782 |

പദ്ധതിയ്ക്ക് വകയിരുത്തിയ തുകയുടെ 7.68% മാത്രമാണ് ചെലവഴിക്കാൻ കഴിഞ്ഞിട്ടുള്ളത്. പ്രധാനമായും ഭക്ഷണവിതരണം മാത്രമാണ് നടന്നിട്ടുള്ളത്. ഭക്ഷണവിതരണത്തിന് നാളിതുവരെ 1007018/- രൂപ ആകെ

ചെലവഴിച്ചിട്ടുണ്ട്. കുടുംബശ്രീ ജില്ലാ മിഷനിൽ നിന്ന് ചലഞ്ച് ഫണ്ട് ഒരു ഗഡു മാത്രമാണ് നാളിതുവരെ ലഭിച്ചിട്ടുള്ളത്. 2021-22 സാമ്പത്തികവർഷം വികസനഫണ്ടിൽ നിന്ന് 1912800/- രൂപ പദ്ധതിയ്ക്കായി ലഭിച്ചിട്ടുണ്ടെങ്കിലും വീട്, കുടിവെള്ളം, തുടങ്ങിയ അടിസ്ഥാന ആവശ്യങ്ങൾക്ക് വികസനഫണ്ട് ചെലവഴിച്ചിട്ടില്ല അർഹതപ്പെട്ട ചലഞ്ച് ഫണ്ട് യഥാസമയം ലഭ്യമാക്കുന്നതിനും പദ്ധതി പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനും അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്. പ്രസ്തുതവിഷയം ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2021-2022 | 2021 -2022 വർഷത്തെ ഓഡിറ്റിൽ പരിശോധിച്ച | സർട്ടിഫിക്കറ്റ് ഓഡിറ്റ് റിപ്പോർട്ടിന് അനുബന്ധമായി ചേർത്തിട്ടുണ്ട് |

### 4-2 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ടുകളുടെ വിവരം

| തുക ലഭ്യമാക്കിയ സ്ഥാപനം | വർഷം | തുക ₹ | പദ്ധതി | ചെലവ് ₹ | ബാക്കി ₹ |
|---|---|---|---|---|---|
| ബ്ലോക്ക്പഞ്ചായത്ത് | 2021-2022 | 13855 | നെൽ കൃഷിക്ക് കൂലി ചെലവ് സബ്സിഡി (ജനറൽ) | 13855 | 0 |
| ബ്ലോക്ക്പഞ്ചായത്ത് | 2021-2022 | 179900 | ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്നവരുടെ സ്കോളർഷിപ്പ് | 179900 | 0 |
| ജില്ലാപഞ്ചായത്ത് | 2021-2022 | 204800 | ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്നവരുടെ സ്കോളർഷിപ്പ് | 204800 | 0 |
| ജില്ലാപഞ്ചായത്ത് | 2021-2022 | 128728 | പാലിന് സബ്സിഡി | 128728 | 0 |

### 4-3 മൊബിലൈസേഷൻ അഡ്വാൻസ്

ഇല്ല

### 4-4 നിക്ഷേപ പ്രവൃത്തികളുടെ വിവരം

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക ₹ | ചെലവഴിച്ച തുക ₹ | ചെലവഴിക്കാൻ ബാക്കിയുള്ള തുക ₹ |
|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | പൈപ്പ് ലൈൻ നീട്ടൽ | 2210113/26.03.2022 | 1178090 | 0 | 1178090 |

## 4-5 വായ്പ /വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ ചേർക്കുന്നു.

| വായ്പയുടെ പേര്/ഉദ്ദേശ്യം | തൻവർഷ വായ്പ തുക ₹ | മുൻവർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക | തൻവർഷം തിരിച്ചടച്ച തുക ₹ | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക ₹ |
|---|---|---|---|---|
| ലൈഫ് ഭവന പദ്ധതി ജി.ഒ.എം.എസ്. 100/2018/ തീ.30.07.2018 | 0 | 4269956 | 528000 | 3741956 |

## 4-6 സ്ഥിര നിക്ഷേപം

ഇല്ല

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച ₹66667 /- യുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2014-2015 | 3-1 | 66667 | ശ്രീ. രഞ്ജിത്ത് ബിജുകുമാർ, വി.ഇ.ഒ | 121010102937/19.03.2022 |

## 4-8 ചാർജ്ജ് നടപടി

(എ) ചാർജ്ജ് നടപടി വഴി ഈടാക്കിയ തുക

| ക്രമ നം. | റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ് | ചാർജ് സർട്ടിഫിക്കറ്റ് ₹ | | സ്വയം അടവാക്കിയ തുക ₹ (രസീത് നമ്പർ/ തീയതി) | റവന്യൂ റിക്കവറി നടപടി യിലൂടെ ഈടാക്കിയ തുക ₹ (തീയതി) | കോടതി വ്യവഹാരങ്ങളിൽ ₹ | | ആകെ ലഭ്യ മായ തുക ₹ | അവശേ ഷിക്കുന്ന തുക/ ബാധ്യത ₹ | റിമാർക്ക്സ് |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പരും തീയതിയും | തുക | | | ഉൾപ്പെട്ട തുക | ഈടാക്കിയ തുക | | | |

| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 |
|---|---|---|---|---|---|---|---|---|---|---|---|---|
| 1 | 2002-03 | 2-3 | റ്റി. കെ. സരസ്വതിയമ്മ സെക്രട്ടറി | LF-4970/ Spl.cell/ SC2/06 13.02.07 | 5283 | | | | | | 5283 | |

4-9 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

ഇല്ല

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| മുന്നിരിപ്പ് | | 6545330.41 |
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 51580831 |
| ആകെ | | 58126161.41 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 51276270 |
| നീക്കിയിരിപ്പ് | | 6849891.41 |
| വരവിനങ്ങളിലുള്ള നഷ്ടം | | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | ഇല്ല |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| ഇല്ല | | | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| ഇല്ല | | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | സർക്കാർ |
|---|---|---|
| ഇല്ല | | |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. സൂരജ് വി.എസ്, അസി.എഞ്ചിനീയർ | അസി.എഞ്ചിനീയർ, കരിങ്കുന്നം ഗ്രാമപഞ്ചായത്ത് | വടക്കേത്തൊട്ടിയിൽ, കിഴക്കേക്കര നഗർ, മൂലമറ്റം പി.ഒ, ഇടുക്കി ജില്ല |

| | | |
|---|---|---|
| ഡോ. മായാ ജേക്കബ്, വെറ്ററിനറി സർജൻ | വെറ്ററിനറി സർജൻ, കരിങ്കുന്നം ഗ്രാമപഞ്ചായത്ത് | ഉണ്ടിയത്ത് വീട്, ഒളമറ്റം, തൊടുപുഴ പി.ഒ |
| ശ്രീ. റിനു തോമസ്, ഡയറി എക്സ്റ്റൻഷൻ ഓഫീസർ | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | കേളക്കൊമ്പിൽ, മാറിക പി.ഒ, കൂത്താട്ടുകുളം, എറണാകുളം ജില്ല |

## 4-11 തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 1998-99 | എൽ.എഫ്.ഐ-7/172/2000/31.07.2000 | 1 | 29 |
| 2008-09 | എൽ.എഫ്.ഐ-7/1497/16/ 26.12.16 | 1 | 3-5 (1, 2, 3) |
| 2014-15 | കെ.എസ്.എ.ഐ.ഡി.കെ-7/830/2016/ 23.06.2016 | 2 | 2-1, 3-1 |
| 2015-16 | കെ.എസ്.എ.ഐ.ഡി.കെ-7/ 183/18/17.03.18 | 2 | 2-3, 2-4 |
| 2017-18 | കെ.എസ്.എ.ഐ.ഡി.കെ-7/ 981/2018/04.10.18/07.11.18 | 3 | 2-4, 2-5, 3-2 |
| 2018-19 | കെ.എസ്.എ.ഐ.ഡി.കെ-7/743/2019 | 2 | 3-12, 3-13 |
| 2019-20 | കെ.എസ്.എ.ഐ.ഡി.കെ-7/283/2021 | 10 | 1-9, 1-11, 1-12, 1-13, 1-14, 1-18, 1-19, 1-20, 1-21, 1-24 |
| 2020-21 | കെ.എസ്.എ.ഐ.ഡി.കെ-8/274/2022 തീയതി. 11.05.2022 | | 1-9 മുതൽ 1-20 വരെ, 4-1 മുതൽ 4-11 വരെ |

ഡെപ്യൂട്ടി ഡയറക്ടർ
ഇടുക്കി

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ ഇടുക്കി ജില്ലയിലെ കരിങ്കുന്നം ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ഇടുക്കി
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

ഇടുക്കി ജില്ലയിലെ കരിങ്കുന്നം ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ഇടുക്കി
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്